"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനിൽ ഒഴിഞ്ഞുകിടന്നിരുന്നതും റദ്ദാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നതുമായ രണ്ട് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ തസ്തികകളിൽ ഒരു തസ്തിക നിലനിർത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.434/2025/H&FWD തീയതി,തിരുവനന്തപുരം, 22-12-2025

---

പരാമർശം:-

1. സ.ഉ (കൈ) നം.146/2021/ആ.കു.വ, തീയതി 06.08.2021.
2. സ.ഉ (കൈ) നം.43/2025/ആ.കു.വ, തീയതി 31.01.2025.
3. കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.03.2025, 06.06.2025 തീയതികളിലെ 52/2025/കെ-സോട്ടോ-ഡി നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച ദേശീയ അവയവ മാറ്റിവയ്ക്കൽ പ്രോഗ്രാമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷനിൽ (കെ-സോട്ടോ) പരാമർശം (2) ഉത്തരവ് പ്രകാരം കൺസൾട്ടന്റ് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്ററുടെ ഒരു തസ്തിക സൃഷ്ടിക്കുകയും ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർമാരെ പിരിച്ചുവിട്ടതിന്റെ ഫലമായി ഒഴിഞ്ഞുകിടന്നിരുന്ന രണ്ട് തസ്തികകൾ അബോളിഷ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കെ-സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

2. സംസ്ഥാനത്ത് മരണാനന്തര അവയവദാന പദ്ധതി (DDMOTP) ആരംഭിച്ചപ്പോൾ പദ്ധതി നിർവഹണത്തിനായി പ്രൊജക്ട് മാനേജർ, ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർമാർ, അവയവദാന രജിസ്ട്രിയുടെ മേൽനോട്ടത്തിന് ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ നിയമനങ്ങൾ നടത്തിയിരുന്നു. കെ.എൻ.ഒ.എസ് നിലവിൽ വന്നപ്പോൾ ഇവർ അതിന്റെ ഭാഗമായി പ്രവർത്തിച്ചു വരികയും തുടർന്ന് കെ-സോട്ടോ രൂപീകരിച്ചപ്പോൾ മേൽ തസ്തികകളെയെല്ലാം കെ-സോട്ടോയിൽ ലയിപ്പിക്കുകയുമുണ്ടായി. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഒരു രോഗി മരിക്കാനിടയായ സംഭവത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർമാരെ പിരിച്ചുവിട്ടിരുന്നു. ഇവരാണ് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ അവയവദാന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരുന്നതെന്നും ദേശീയ അവയവ മാറ്റിവയ്ക്കൽ പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട കൺസൾട്ടന്റ് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്ററുടെ തസ്തിക തിരുവനന്തപുരം സർക്കാർ

മെഡിക്കൽ കോളേജിലെ ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർമാർക്ക് പകരമാവില്ലെന്നും, ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ ഇല്ലാതെ വന്നാൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ ട്രാൻസ്പ്ലാന്റ് ലൈസൻസ് റദ്ദാവുന്ന സാഹചര്യം ഉണ്ടാകുമെന്നും ആയതിനാൽ ഒഴിഞ്ഞുകിടക്കുന്ന രണ്ട് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ തസ്തികകൾ അബോളിഷ് ചെയ്യുന്നതിനുള്ള പരാമർശം (2) ഉത്തരവിലെ നിർദ്ദേശം റദ്ദ് ചെയ്യണമെന്നും പരാമർശം (3) പ്രകാരം കെ-സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ ഇല്ലാതെ വന്നാൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ ട്രാൻസ്പ്ലാന്റ് ലൈസൻസ് റദ്ദാവുന്ന സാഹചര്യം ഉണ്ടാകുമെന്ന് കെ-സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ കെ-സോട്ടോയിൽ ഒഴിഞ്ഞുകിടന്നിരുന്നതും പരാമർശം (2) ഉത്തരവ് പ്രകാരം നിർത്തലാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നതുമായ രണ്ട് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ തസ്തികകളിൽ ഒരു തസ്തിക നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ തസ്തികയിൽ നടപടിക്രമങ്ങൾ പാലിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ കെ-സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.3451 തീയതി 17.12.2025 പ്രകാരം)
ധനകാര്യ വകുപ്പ് (19.10.2025 ലെ 2928350/HLT-B1/159/2024-FIN പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Dhanya Sadasivan
Date: 23-12-2025 10:46:18
സെക്ഷൻ ഓഫീസർ

*പകർപ്പ് - മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*
*ആരോഗ്യവും വനിതാ-ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*
*ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്*

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-12-2025

ഫയൽ നം. ഹെൽത്ത്-ബി1/105/2025/ഹെൽത്ത്. ഇനം നം: 3451

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനിലെ ട്രാൻസ് പ്ലാന്റ് കോ-ഓർഡിനേറ്ററുടെ ഒരു തസ്തിക നിലനിർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

US(B)
Put up draft G.O.
18/12

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

3451

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഹെൽത്ത്- ബി1/105/2025/ഹെൽത്ത് |
| 2. | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ് |
| 3. | വിഷയം | : | ആ.കു.വ - കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷനിലെ ട്രാൻസ് പ്ലാന്റ് കോർഡിനേറ്ററുടെ ഒരു തസ്തിക നിലനിർത്തുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18.11.2025 |
| 5 | 1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ<br>ഉണ്ട്.<br>ഉൾക്കൊളളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ജനാർദ്ദനൻ കെ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. രാജൻ എൻ ഖോബ്രഗഡെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29.11.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04.12.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 12.12.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 15.12.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷനിലെ (കെ-സോട്ടോ) ട്രാൻസ്പ്ലാന്റ് കോർഡിനേറ്ററുടെ ഒരു തസ്തിക നിലനിർത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 06.08.2021 ലെ സ.ഉ(കൈ)നം.146/2021/ആ.കു.വ പ്രകാരം, കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിച്ചും അതിനെ 1955-ലെ ട്രാവൻകൂർ-കൊച്ചിൻ ലിറ്റററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കെ-സോട്ടോ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിക്കുകയുണ്ടായി. തുടർന്ന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച ദേശീയ അവയവ മാറ്റിവയ്ക്കൽ പ്രോഗ്രാമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷനിൽ 31.01.2025 ലെ സ.ഉ (കൈ) നം. 43/2025/ആ.കു.വ പ്രകാരം കൺസൾട്ടന്റ് ട്രാൻസ്പ്ലാന്റ് കോർഡിനേറ്ററുടെ ഒരു തസ്തിക സൃഷ്ടിക്കുകയും ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർമാരെ പിരിച്ചുവിട്ടതിന്റെ ഫലമായി ഒഴിഞ്ഞുകിടക്കുന്ന രണ്ട് തസ്തികകൾ അബോളിഷ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കെ-സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

3. മരണാനന്തര അവയവദാന പദ്ധതി (DDMOTP) ആരംഭിച്ചപ്പോൾ പദ്ധതി നിർവഹണത്തിനായി പ്രൊജക്റ്റ് മാനേജർ, ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർമാർ, അവയവദാന രജിസ്ട്രിയുടെ മേൽനോട്ടത്തിന് ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ നിയമനങ്ങൾ നടത്തിയിരുന്നു. കെ.എൻ.ഒ.എസ് നിലവിൽ വന്നപ്പോൾ ഇവർ അതിന്റെ ഭാഗമായി പ്രവർത്തിച്ചു വരികയും കെ-സോട്ടോ രൂപീകരിച്ചപ്പോൾ മേൽ തസ്തികകളെയെല്ലാം കെ-സോട്ടോയിൽ ലയിപ്പിക്കുകയുണ്ടായി. തുടർന്ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഒരു രോഗി മരിക്കാനിടയായ സംഭവത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർമാരെ പിരിച്ചുവിടുകയുണ്ടായി. ഈ ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർമാരാണ് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ അവയവദാന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരുന്നത്. ദേശീയ അവയവ മാറ്റിവയ്ക്കൽ

പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട കൺസൾട്ടന്റ് ട്രാൻസ്പ്ലാന്റ് കോർഡിനേറ്ററുടെ തസ്തിക തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർമാർക്ക് പകരമാവില്ലെന്നും, ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർ ഇല്ലാതെ വന്നാൽ തിരുവനന്തപുരം

സർക്കാർ മെഡിക്കൽ കോളേജിന്റെ ട്രാൻസ്പ്ലാന്റ് ലൈസൻസ് തന്നെ റദ്ദാവുന്ന സാഹചര്യം ഉണ്ടാകുമെന്നും, ആയതിനാൽ ഒഴിഞ്ഞുകിടക്കുന്ന രണ്ട് ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർ തസ്തികകൾ അബോളിഷ് ചെയ്യുന്നതിനുള്ള 31.01.2025 ലെ സ.ഉ (കൈ) നം.43/2025/ആ.കു.വ ഉത്തരവിലെ നിർദ്ദേശം റദ്ദ് ചെയ്യണമെന്ന് കെ-സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

4. വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി:-

*"നിലവിലെ NOTP പദ്ധതി 100% CSS ആണെങ്കിലും 2025-26 വരെയുള്ള പദ്ധതി കാലയളവിനു (5 വർഷക്കാലം) ശേഷം ജീവനക്കാരെ നിയമിക്കുന്നതിനുള്ള പ്രതിബദ്ധത സംസ്ഥാന സർക്കാരിന്റേതായതിനാലും, ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർ ഇല്ലാതെ വന്നാൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ ട്രാൻസ്പ്ലാന്റ് ലൈസൻസ് തന്നെ റദ്ദാവുന്ന സാഹചര്യം ഉണ്ടായേക്കുമെന്ന് കെ-സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും, അവയവദാന പദ്ധതിയുടെ തുടർ നടത്തിപ്പിലേക്കായി, 31.01.2025 ലെ സ.ഉ (കൈ) നം.43/2025/ആ.കു.വ ഉത്തരവ് പ്രകാരം നിർത്തലാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്ന, കെ-സോട്ടോയിൽ തുടർന്ന് വന്നിരുന്നതും നിലവിൽ ഒഴിഞ്ഞുകിടക്കുന്നതുമായ രണ്ട് ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർ തസ്തികകളിൽ ഒരു തസ്തിക, ബഹു. മന്ത്രിസഭയുടെ അംഗീകാരത്തോടെ നിലനിർത്തുന്നതിനു അനുമതി നൽകുന്നു.*

*ഇതിനു ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

5. ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം, കെ-സോട്ടോയിൽ ഒഴിഞ്ഞുകിടന്നിരുന്നതും 31.01.2025 ലെ സ.ഉ (കൈ) നം.43/2025/ആ.കു.വ ഉത്തരവ് പ്രകാരം നിർത്തലാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നതുമായ രണ്ട് ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർ തസ്തികകളിൽ ഒരു തസ്തിക നിലനിർത്തുന്ന വിഷയം മന്ത്രിസഭയുടെ മുമ്പാകെ സമർപ്പിക്കുന്നതിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി

## തീരുമാനിക്കേണ്ട വിഷയം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ അവയവദാന പദ്ധതിയുടെ തുടർ നടത്തിപ്പിലേക്കായി, ധനകാര്യ വകുപ്പിന്റെ അനുമതി നൽകിയ പ്രകാരം കെ-സോട്ടോയിൽ ഒഴിഞ്ഞുകിടന്നിരുന്നതും 31.01.2025 ലെ സ.ഉ (കൈ) നം.43/2025/ആ.കു.വ ഉത്തരവ് പ്രകാരം നിർത്തലാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നതുമായ രണ്ട് ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർ തസ്തികകളിൽ ഒരു തസ്തിക നിലനിർത്താമോ ?